**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2008** **04-02-2026 - ൽ മറുപടിയ്ക്ക്**

**പാലിൽ മായം കലർത്തുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിതരണത്തിനായി കൊണ്ടു വരുന്ന പാലിൽ കൊഴുപ്പ്, രുചി എന്നിവ ലഭിക്കുന്നതിനായി ആന്റിബയോട്ടിക്കുകളും മറ്റ് രാസവസ്തുക്കളും ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ക്ഷീരവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പാൽ ഗുണനിയന്ത്രണ ലാബുകളിൽ കൃത്യമായ ഇടവേളകളിൽ വിപണിയിൽ വിറ്റഴിക്കുന്ന വിവിധ ബ്രാന്റ് പാലുകൾ പരിശോധിക്കുന്നുണ്ട്. ഇത്തരത്തിൽ പരിശോധിക്കുന്ന പാലിൽ പ്രിസർവേറ്റിവുകളോ, ന്യൂട്രലൈസറുകളോ, ആന്റിബയോട്ടിക്കുകളോ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിനെ രേഖാമൂലം അറിയിക്കുകയാണ് ചെയ്തു വരുന്നത്.<br><br>മിൽമ, അയൽ സംസ്ഥാന ഫെഡറേഷനുകളിൽ നിന്ന് എത്തിക്കുന്ന പാൽ മിൽമയുടെ ഡയറികളിൽ കർശനമായ ഗുണനിലവാര പരിശോധനകൾ നടത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇത്തരത്തിൽ ഗുണപരിശോധന മാനദണ്ഡങ്ങൾ പാലിച്ച്, ഗുണനിലവാരം ഉറപ്പ് വരുത്തിയ പാൽ മാത്രമേ മിൽമ വിപണിയിൽ എത്തിക്കുന്നുള്ളൂ. കൂടാതെ, മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഡയറികളും ഐ.എസ്.ഒ. സർട്ടിഫൈഡ് ആണ്. ജി.എം.പി കൃത്യമായി പാലിക്കുന്ന ഡയറികളെല്ലാം തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ് |
| (ബി) | ഇവ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ക്ഷീരവികസന വകുപ്പിന് കീഴിൽ പാൽ പരിശോധിക്കുന്നതിന് സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ഡയറി ലാബും, മേഖലാ തലത്തിൽ മൂന്ന് മേഖലാ ഡയറി ലാബുകളും, ജില്ലാ തലത്തിൽ പാൽ ഗുണനിയന്ത്രണ ലാബുകളും പാറശ്ശാല, ആര്യങ്കാവ്, മീനാക്ഷിപുരം എന്നീ അതിർത്തി ചെക്ക്പോസ്റ്റുകളോടനുബന്ധിച്ച് ചെക്ക് പോസ്റ്റ് ലാബുകളും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ